**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1414** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ക്ഷീര കർഷകർ നേരിടുന്ന പ്രതിസന്ധി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് 2016 മെയ് 1 മുതൽ 2026 മാർച്ച് 31 വരെ ഉണ്ടായിട്ടുള്ള ക്ഷീരോൽപാദനത്തിന്റെ വിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ക്ഷീരോൽപാദനത്തിന്റെ കണക്ക്:

| സാമ്പത്തിക വർഷം | പാലുൽപ്പാദനം (LMT) |
|---|---|
| 2016-17 | 25.20 |
| 2017-18 | 25.76 |
| 2018-19 | 25.49 |
| 2019-20 | 25.42 |
| 2020-21 | 25.34 |
| 2021-22 | 25.32 |
| 2022-23 | 25.80 |
| 2023-24 | 25.80 |
| 2024-25 | 25.61 |
| 2025-26 | പബ്ലിഷ് ചെയ്തിട്ടില്ല |

**(ബി)** സംസ്ഥാനത്ത് ക്ഷീരോൽപാദനത്തിന്റെ കണക്ക് ശേഖരിക്കുന്ന സംവിധാനം നിലവിലില്ലെങ്കിൽ അത് ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ക്ഷീരോൽപ്പാദനത്തിന്റെ കണക്ക് ശേഖരിക്കുന്ന സംവിധാനം നിലവിലുണ്ട്

**(സി)** സംസ്ഥാനത്ത് ക്ഷീരകൃഷിയിൽ നിന്ന് കർഷകർ അകന്നു പോകുന്നത് ഒഴിവാക്കാൻ സ്വീകരിക്കുന്ന നടപടികളും കർഷകർക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കാലിത്തീറ്റയുടെയും പച്ചപ്പുല്ലിന്റെയും ലഭ്യത കുറയുകയും, ആയതിൻറെ വില ക്രമാതീതമായി വർദ്ധിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ, ക്ഷീരകർഷകരെ മേഖലയിൽ പിടിച്ചു നിർത്തുന്നതിനായി ക്ഷീരവികസന വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ക്ഷീരമേഖലയുടെ സമഗ്ര വികസനത്തിനായി ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (M S D P):**

- വ്യക്തികൾക്കുള്ള പശു വളർത്തൽ പദ്ധതികൾ - രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, ഇരുപത് പശു യൂണിറ്റ് & സ്മാർട്ട് ഡയറി ഫാം.
- ഗ്രൂപ്പുകൾക്കുള്ള പശു വാങ്ങൽ പദ്ധതി: ജെ എൽ ജി, എസ് എച്ച് ജി, എഫ് പി ഒ, മറ്റ് രജിസ്റ്റേഡ് ഗ്രൂപ്പുകൾ എന്നിവയ്ക്കുള്ള 5, 10 പശു വളർത്തൽ പദ്ധതി (ലോൺ ബാധകം).
- **ക്ഷീരഗ്രാമം:** തെരഞ്ഞെടുത്ത 40 ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തി നടത്തുന്ന പ്രത്യേക പദ്ധതി.
- **കിടാരി പാർക്ക് (Heifer Park):** 50 കിടാരികളെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനും പദ്ധതി ഗുണഭോക്താക്കൾക്ക് വിൽപന നടത്തുന്നതിനുമുള്ള പ്രത്യേക പദ്ധതി (വ്യക്തികൾ/ ഗ്രൂപ്പുകൾ /ക്ഷീരസംഘങ്ങൾ).
- **ക്ഷീര തീരം:** തീരദേശത്തെ മൽസ്യം, കയർ മേഖലയിലെ തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പ്രത്യേക 2 പശു യൂണിറ്റ് പദ്ധതി (വ്യക്തിഗതം).
- **പലിശരഹിത വായ്പ പദ്ധതി (ബാങ്ക് ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം):** ക്ഷീരകർഷകർ അവരുടെ ഫാം ആധുനിവത്ക്കരണത്തിനും നവീകരണത്തിനുമായി ലോൺ എടുത്ത തുകയുടെ 5 വർഷം വരെയുള്ള പലിശ പൂർണ്ണമായും നൽകുന്ന പദ്ധതി.
- കാലിത്തൊഴുത്തു നിർമ്മാണം
- കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം
- ഡയറിഫാം യന്ത്രവത്കരണവും ആധുനികവൽക്കരണവും:
- ഡയറി ഫാമുകളുടെ അടിസ്ഥാനസൗകര്യ വികസനവും യന്ത്രവൽക്കരണവും.

**തീറ്റപ്പുൽകൃഷി വികസന പദ്ധതി:**

- 20 സെന്റിന് മുകളിൽ തീറ്റപ്പുൽ കൃഷി
- 20 സെന്റിൽ താഴെ തീറ്റപ്പുൽ കൃഷി
- ജലസേചന ധനസഹായം - 1 ഏക്കറിൽ താഴെയുള്ള പുൽകൃഷി
- ജലസേചന ധനസഹായം - 1 ഏക്കറിന് മുകളിലുള്ള പുൽകൃഷി
- യന്ത്രവൽക്കരണ ധനസഹായം: ചാഫ് കട്ടർ, ബ്രഷ് കട്ടർ മുതലായ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി.
- വാണിജ്യാടിസ്ഥാനത്തിൽ തരിശ്ശു നിലത്തിൽ തീറ്റപ്പുൽ കൃഷി: 1 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി ചെയ്യുന്നതിന് വ്യക്തികൾ, ഗ്രൂപ്പുകൾ, ക്ഷീരസംഘങ്ങൾ എന്നിവയ്ക്കുള്ള പദ്ധതി.

- ഫോഡർ ഹബ്സ്/ ഫോഡർ മാർക്കറ്റിംഗ് (ജെ എൽ ജി/ എസ് എച്ച് ജി): 1 ഏക്കർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി.
- ചോളം കൃഷി ചെയ്യുന്നതിനുള്ള ധനസഹായം (30 സെന്റ് മുതൽ)

**ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുംഅഡ്വൈസറി സർവ്വീസും**

- കണ്ടിജൻസി ഫണ്ട് - ക്ഷീരകർഷകർക്ക് പശുവളർത്തലിൽ ആകസ്മികമായുണ്ടാകുന്ന നഷ്ടങ്ങൾക്കുള്ള ധനസഹായം.
- മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണന രീതികൾ എന്നിവയ്ക്ക് ജെ എൽ ജി കൾക്ക് നൽകുന്ന ധനസഹായം

**സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണ പദ്ധതി:**

- ക്ഷീരസംഘങ്ങൾ വഴി പച്ചപ്പുൽ, സൈലേജ്, വയ്ക്കോൽ വിതരണം.
- ക്ഷീരസംഘങ്ങൾ വഴി ധാതുലവണ മിശ്രിത വിതരണം

**ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം**

- ഫാം ലെവൽ ഹൈജീൻ: 5 പശുക്കൾ മുതലുള്ള ഫാമുകളിലെ ശുചിത്വ വൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതി.

**സഹകരണ സ്ഥാപനമായ മിൽമ കൈക്കൊണ്ടിട്ടുള്ള നടപടികൾ:**

- 2024 സെപ്റ്റംബർ മുതൽ നാളിതുവരെയും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് ചാക്ക് ഒന്നിന് 100 രൂപ സബ്സിഡി ഫെഡറേഷൻ തലത്തിൽ നൽകി വരുന്നുണ്ട്. 2025 മാർച്ച് മാസത്തിൽ പ്രസ്തുതസബ്സിഡി 300 രൂപയും, 2026 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 200 രൂപയും ആയിരുന്നു.
- ക്ഷീരകർഷകർക്ക് ലളിതമായ വ്യവസ്ഥയിൽ കേരള ബാങ്കിലൂടെ 3 ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന "ക്ഷീരമിത്ര" വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.

**മേഖലാ യൂണിയനുകൾ പൊതുവായി നൽകുന്ന വിവിധ സാമ്പത്തിക**

**സഹായങ്ങളും പ്രത്യേക ക്ഷേമപദ്ധതികളും:**

- കർഷകർക്ക് അധിക പാൽ വില (Milk Incentive)
- ഫെഡറേഷൻ നൽകുന്ന കാലിത്തീറ്റ സബ്സിഡിക്കു പുറമേ, മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് മേഖലാ യൂണിയനുകൾ നൽകുന്ന കാലിത്തീറ്റ സബ്സിഡി
- കന്നുകാലി ഇൻഷ്വറൻസ് സബ് സിഡി
- ക്ഷീരകർഷകർക്കായി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരസാന്ത്വനം പദ്ധതിയിലേക്ക് മേഖലാ യൂണിയനുകൾ അടവാക്കുന്ന 700രൂപ വിഹിതം
- കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ഉല്പാദനക്കുറവിനാൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി നടപ്പിലാക്കിവരുന്നകാലാവസ്ഥാ അധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി.
- കൃത്രിമ ബീജസങ്കലന സൗകര്യങ്ങൾ
- വികേന്ദ്രീകൃത മൃഗചികിത്സാ സഹായങ്ങൾ
- ഫാം യന്ത്രവൽക്കരണ സഹായങ്ങൾ
- കന്നുകാലി വാങ്ങുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് വായ്പാ സഹായങ്ങൾ
- തൊഴുത്ത് നവീകരണത്തിനുള്ള സഹായം

- അന്യ സംസ്ഥാനങ്ങളിൽ നിന്നും കന്നുകാലികളെ കൊണ്ടുവരുന്നതിന് ക്ഷീരകർഷകർക്ക് നൽകുന്ന കന്നുകാലി കടത്തുകൂലി.

മൂന്ന് മേഖല യൂണിയനുകളും പൊതുവായി നൽകുന്ന മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾക്ക് പുറമെ അതാത് മേഖലയുണിയനുകൾ അതിന്റെ പരിധിയിൽ വരുന്ന ക്ഷീര കർഷകർക്കായി മറ്റു നിരവധി ആനുകൂല്യങ്ങളും പ്രത്യേകമായി നൽകിവരുന്നു.

**(ഡി)** ക്ഷീരകൃഷിയിൽ ഏർപ്പെട്ട് സാമ്പത്തിക പ്രതിസന്ധിയിലായ കർഷകരുടെ വായ്പകൾ എഴുതിത്തള്ളുകയോ സർക്കാർ സാമ്പത്തികസഹായം നൽകി അവരുടെ കടം തീർക്കുകയോ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ക്ഷീരകൃഷിയിൽ ഏർപ്പെട്ട് സാമ്പത്തിക പ്രതിസന്ധിയിലായ കർഷകരുടെ വായ്പകൾ എഴുതിത്തള്ളുന്നതിനായുള്ള പദ്ധതികൾ നിലവിലില്ല.

**(ഇ)** ക്ഷീരകർഷകർക്ക് സൗജന്യ നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ള സംവിധാനവും പാലും പാലുൽപന്നങ്ങളും സർക്കാർ ആഭിമുഖ്യത്തിൽ സംഭരിച്ച് കേന്ദ്രീകൃത വിപണനത്തിനുള്ള സൗകര്യവും ഒരുക്കുമോ;

**<u>മറുപടി:</u>** ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ, തീറ്റപ്പുല്ല്, സൈലെജ്, വയ്ക്കോൽ, ടി.എം.ആർ എന്നിവ ക്ഷീരസഹകരണ സംഘങ്ങളിലൂടെ നൽകി വരുന്നുണ്ട്.

കേരളത്തിൽ ക്ഷീരമേഖല പ്രധാനമായും സഹകരണ മേഖലയെ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. ക്ഷീരസഹകരണ സംഘങ്ങൾ, സംസ്ഥാനത്തെ വിവിധ മേഖലാ യൂണിയനുകൾ, മിൽമ എന്നിവ മുഖേന കർഷകർ ഉൽപാദിപ്പിക്കുന്ന പാലും പാലുൽപന്നങ്ങളും ശേഖരിക്കുകയും സംസ്കരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന സംവിധാനമാണ് നിലവിലുള്ളത്.

**(എഫ്)** സംസ്ഥാനത്തെ കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന കന്നുകാലികളെ അതിർത്തികളിൽ രോഗനിർണയം നടത്തി അസുഖമില്ലാത്തവയെ മാത്രം സംസ്ഥാനത്തേക്ക് കടത്തിവിടുന്നതിനും ഉള്ള നടപടി നിലവിലില്ലെങ്കിൽ അത് സ്വീകരിക്കുമോ;

**<u>മറുപടി:</u>** കന്നുകാലികളുടെ ഇൻഷ്വറൻസ് പരിരക്ഷയുള്ള പദ്ധതി മൃഗസംരക്ഷണ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന കന്നുകാലികളെ അതിർത്തികളിൽ രോഗനിർണയം നടത്തുന്നതിനുള്ള സംവിധാനവുമുണ്ട്.

**(ജി)** കാലിത്തീറ്റ വില നിയന്ത്രിക്കുന്നതിനും തീറ്റപ്പുൽ കൃഷി വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് നിലവിലുള്ള സംവിധാനം എന്താണെന്നും ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

**<u>മറുപടി:</u>** കാലിത്തീറ്റയുടെയും വയ്ക്കോലിന്റെയും ലഭ്യത കുറയുകയും, ആയതിന്റെ വില ക്രമാതീതമായി വർദ്ധിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ തീറ്റപ്പുൽക്കൃഷിയുടെ നോഡൽ ഏജൻസി എന്ന നിലയിൽ ക്ഷീരവികസന വകുപ്പ് വിവിധങ്ങളായ തീറ്റപ്പുൽക്കൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. സബ്സിഡിയോടെ 20 സെൻ്റിന് മുകളിൽ തീറ്റപ്പുൽക്കൃഷി,

ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി, സ്വയംസഹായസംഘങ്ങൾ മുഖേനയുള്ള തീറ്റപ്പുൽക്കൃഷി വ്യാപന-വിപണന പദ്ധതികൾ, തരിശുഭൂമിയിൽ തീറ്റപ്പുൽക്കൃഷി, വ്യാപന പദ്ധതികൾ, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനായുള്ള വികസന പദ്ധതികൾ എന്നിവ വകുപ്പ് മുഖേന ചെയ്തു വരുന്നു. 2026-27 സാമ്പത്തിക വർഷം 850.00 ലക്ഷം രൂപയാണ് ടി പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. കൂടാതെ ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥർ നിർവഹണ ഉദ്യോഗസ്ഥരായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന കറവപ്പശുക്കൾക്ക് കാലിത്തീറ്റ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**